**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **19-01-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി ഗവ. കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ | | **Dr.K.T.Jaleel** (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ഗവ. കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | തലശ്ശേരി, ചൊക്ലി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് KITCOയെ ആണ് നിർവഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി G.O.(Rt)No.1573/2018/HEDN dated 19.08.2018 ഉത്തരവ് പ്രകാരം 10,41,32,948/- രൂപ അനുവദിക്കുകയും 10,38,02,155 രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുകയാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് ഉള്ളതെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുകയാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച ശേഷം കോൺട്രാക്ടറെ നിശ്ചയിച്ച് പ്രസ്തുത കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് വർക്ക് അവാർഡ് ചെയ്ത ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ